**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2227 08.07.2015-ൽ മറുപടിക്ക്**

**<u>പോലീസ് സർജന്മാരുടെ നിയമനം</u>**

**ചോദ്യം**

**ശ്രീ. ഷാഫി പറമ്പിൽ**

(എ) ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന പതിനൊന്ന് ഫോറൻസിക മെഡിസിൻ സ്പെഷ്യലിസ്റ്റുകളിൽ പാലക്കാട് ജില്ലാ പോലീസ് സർജൻ ഒഴികെ ആരെയും പോലീസ് സർജന്മാരായി നിയമിക്കാത്തതിനാൽ മെഡിക്കൽ കോളേജില്ലാത്ത ജില്ലകളിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പിലെ ജില്ലാ പോലീസ് സർജൻ തസ്തികകൾ സ്പെഷ്യാലിറ്റി കേഡറിലെ ഫോറൻസിക് മെഡിസിൻ തസ്തികകൾക്ക് അനുസൃതമായി ജൂനിയർ കൺസൾട്ടന്റിനെ അസിസ്റ്റന്റ് പോലീസ് സർജനായും കൺസൾട്ടന്റിനെ ഡെപ്യൂട്ടി പോലീസ് സർജനായും സീനിയർ കൺസൾട്ടന്റിനെ പോലീസ് സർജനായും പുനർനാമകരണം ചെയ്യണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശ അംഗീകരിച്ച് ഓരോ ജില്ലയിലും ഒരു പോലീസ് സർജന്റെയെങ്കിലും സേവനം ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ), (ബി) & (സി) ആരോഗ്യ വകുപ്പിനു കീഴിലുള്ള ഫോറൻസിക് മെഡിസിൻ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക പൊലീസ് സർജന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് പുനർ നിർണ്ണയം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുകയും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങളോടുകൂടി പ്രൊപ്പോസൽ പുനർ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ